# ഭാരതീയ പൂജ

# ഭാരതീയ പൂജ

DHARMARAM COLLEGE
LIBRARY
BANGALORE-29

LITURGICAL CENTRE
Post Bag No. 1209
ERNAKULAM, COCHIN — 682011

✝

# ഭാരതീയപൂജ

( PRO MANUSCRIPTO )

DHARMARAM COLLEGE
LIBRARY
BANGALORE-29

MARCH 31, 1974

All Rights Reserved

LITURGICAL CENTRE
Post Bag No. 1209
ERNAKULAM, COCHIN — 682011

# ആമുഖം

ബാംഗ്ളൂർ നാഷണൽ ലിററർജിക്കൽ സെൻററിൽ സംവിധാനംചെയ്ത ഭാരതീയ അനാഫൊറ തർജ്ജമചെയ്ത് കുർബ്ബാനയുടെ പ്രാരംഭഭാഗങ്ങളും സമാപനപ്രാർത്ഥനകളും സന്ദർഭാനുഗുണമായി കൂട്ടിച്ചേർത്ത് 'ഭാരതീയപൂജ' എന്ന പേരിൽ, എക്സ്പെരിമെൻറേഷൻ സെൻററുകളിൽ ഉപയോഗിക്കുന്നതിനായി 1973 ആഗസ്റ്റിൽ എറണാകുളം ലിററർജിക്കൽ സെൻററിൽനിന്നു് പ്രസിദ്ധംചെയ്തിരുന്നു. അതു് എറണാകുളം സെൻറു് മേരീസ് കത്തീഡ്രലിൻെറ പ്രതിഷ്ഠാകർമ്മം പ്രമാണിച്ചു് (1974 മാർച്ചു് 31) വേണ്ട ഭേദഗതികളോടുകൂടി മുദ്രണംചെയ്യുകയാണു്.

സാധാരണദിവസങ്ങളിൽ പനിനീരു തളിക്കൽ, ദീപം കൊളുത്തൽ, പുഷ്പാർച്ചന എന്നീ പ്രാരംഭക്രിയാവിധികളും അവയോടു ബന്ധപ്പെട്ട പ്രാത്ഥനകളും ഉപേക്ഷിക്കാവുന്നതാണു്. സൗകര്യമുള്ളപ്പോൾമാത്രം സംഗീതങ്ങൾ ആലപിച്ചാൽ മതി.

സമൂഹബലിയിൽ * അടയാളം ഇട്ടിട്ടുള്ള പ്രാർത്ഥനകൾ സഹകാർമ്മികരും * * അടയാളം ഇട്ടിട്ടുള്ളവ കാർമ്മികരെല്ലാവരുംകൂടിയും ചൊല്ലേണ്ടതാണു്.

ഈ ഗ്രന്ഥത്തിലെ ഏതാനും ഗാനങ്ങൾ ബാംഗ്ളൂർ ധർമ്മാരാം കോളെജിൽനിന്നു പ്രസിദ്ധംചെയ്ത "ഭാരതീയപൂജാർപ്പണ"ത്തിൽനിന്നെടുത്തിട്ടുള്ളതാണെന്നകാര്യം കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തുന്നു.

ഇതിലെ ഗദ്യഭാഗങ്ങളും ഗാനാത്മകമായ ഭാരതീയരീതിയിൽ ചൊല്ലുവാനായി തയ്യാറാക്കിയിരിക്കുന്നതുകൊണ്ടു് ആ രീതിയിൽത്തന്നെ അവ ചൊല്ലുവാൻ ഉത്സാഹിക്കണം.

ശരിയായ പരിശീലനത്തിനുശേഷം, സാവധാനതയിലും ഭക്തിദ്യോതകമായ സ്വരത്തിലും, ദിവ്യപൂജയിലെ പ്രാർത്ഥനകൾ ചൊല്ലുന്നതിനു പ്രത്യേകം ഉത്സാഹിക്കേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ.

പ്രസാധകർ

# ഭാരതീയപൂജ

## സജ്ജീകരണം

കാർമ്മികനും ശുശ്രൂഷികളും തിരുവസ്ത്രങ്ങളണിയുമ്പോൾ സമൂഹം താഴെ വരുന്ന ഗാനമാലപിക്കുന്നു.

## ഗാനം

നിത്യകവാടം തുറന്നാലും
ഭൂതലം നിന്നൊളികാണട്ടെ
തൈജസ പൂർണ്ണിമ നീയല്ലോ
താമസപാപമയം ഞങ്ങൾ
നീക്കണമേ നിന്നാവരണം
നിന്മുഖമൊന്നിവർ കാണട്ടെ.

കാർമ്മികൻ യഥാവിധി പൂജാവസ്ത്രങ്ങളണിഞ്ഞ് മദ്ബഹയിൽ വേദപുസ്തകപീഠത്തി (Stand) നട്ടുവന്ന്, ബലിപീഠത്തിലേക്കു തിരിഞ്ഞ്, കൂപ്പുകൈകൾ നെററിയിൽ തൊട്ടുവിച്ച് അഗാധവന്ദനം ചെയ്തശേഷം ജനങ്ങളുടെ നേരെ തിരിഞ്ഞ് 'നമസ്തേ'രൂപത്തിൽ ആചാരം ചെയ്യുന്നു. ജനങ്ങൾ കാർമ്മികനെ അഭിവാദനം ചെയ്യുന്നു.

മദ്ബഹയിൽവച്ചു കൈകൾ കഴുകുന്നു.

Fr. J. PULLOPPILLIL, CMI, B. Sc., B. D., B. Ed.

**കാർമ്മികൻ:** പരിശുദ്ധിയുടെ ഉറവിടമായ ദൈവമേ,
പാവനമായ ബലിവസ്തുക്കളെ സ്പർശിക്കുന്ന
ഈ കരങ്ങളെ അങ്ങയുടെ അനുഗ്രഹമാകുന്ന
ജലത്താൽ കഴുകി നിർമ്മലമാക്കണമേ.

**സമൂഹം:** ആത്മശരീരനൈർമ്മല്യത്തോടെ
ഈ ദിവ്യബലിയിൽ സംബന്ധിക്കുവാൻ
ഞങ്ങളെ സഹായിക്കണമേ.

ബലിവേദിയിൽ പനിനീർ തളിക്കുന്നു.

**കാർമ്മി:** അങ്ങയുടെ ഈ ബലിപീഠം
കാൽവരിയിലെ യാഗവേദിപോലെ
പരിശുദ്ധമാകട്ടെ.

സമൂഹത്തെ തളിക്കുന്നു

**സമൂ:** അങ്ങയുടെ പ്രസാദമാകുന്ന ദിവ്യതീർത്ഥം
ദാസരായ ഞങ്ങൾക്കു നവചൈതന്യം പകരട്ടെ.

കാർമ്മികൻ ദീപം വച്ചിരിക്കുന്ന തളിക
കൈയിലെടുത്തു നീട്ടിപ്പിടിക്കുന്നു.

**കാർമ്മി:** ഈ ദീപനാളംപോലെ
ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ
ആളിക്കത്തട്ടെ.

**സമൂ:** ആമ്മേൻ.

or

## ഗാനം

**എല്ലാവരും:** ദീപമേ, ലോകത്തിൻ ദീപമേ
വാനോർ വണങ്ങുന്ന ദീപമേ
നിൻദിവ്യമാർഗ്ഗം പിന്തുടർന്നാൽ
അന്ധകാരത്തിൽക്കുടുങ്ങുകില്ല.

or

പൂർണ്ണസനാതന സത്യപ്രകാശമേ,
യേശു നിൻപാദമെന്നാലംബമേ,
കൂരിരുളാർന്നൊരു ഭൂതലസീമയിൽ
വാരൊളി വീശിയവാനവദീപം
— യേശു നിൻ

കാർമ്മികൻ ഉയർത്തിക്കാണിച്ച ദീപം (തിരി) കൊണ്ടു് നിലവിളക്കു കൊളുത്തുന്നു. അനന്തരം സഹായി മററു വിളക്കുകൾ (തിരികൾ) കത്തിക്കുന്നു.

അച്ചനസ്സു പുഷ്പങ്ങൾ കൊണ്ടുവന്നിട്ടുണ്ടെങ്കിൽ കാർമ്മികൻ അവ യാഗപീഠത്തിൽ ചാത്തുന്നു.

**കാർമ്മി:** പുഷ്പങ്ങൾക്കു് ഭംഗിയും സൗരഭ്യവും
നല്കിയ ദൈവമേ,
അങ്ങേ കരവേലയായ ഈ മനോഹര പുഷ്പങ്ങളെ
കാണിക്കയായി അങ്ങേയ്ക്കു ഞങ്ങളപ്പിക്കുന്നു.

**സമൂ:** പരിസരങ്ങളിൽ പരിമളം പരത്തുന്ന
സുകൃതസുമങ്ങൾ
അനുദിനം അങ്ങേയ്ക്കപ്പിക്കുവാൻ
അങ്ങേ മക്കളായ ഞങ്ങൾക്കു വരം തരണമേ.

കാർമ്മികൻ നിയോഗവിശദീകരണം നടത്തുന്നു. ദിവ്യബലിയിൽ ഏകാഗ്രത പാലിക്കുകയും മാനസപൂജ നിവ്വഹിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെ പരാമശിക്കുന്നതു നല്ലതാണു്.

## പ്രാരംഭം

**കാർമ്മി:** സർവ്വവ്യാപിയായ ദൈവത്തിനു മഹത്വവും അവിടുത്തെ വാത്സല്യഭാജനങ്ങളായ നിങ്ങൾക്കു സമാധാനവും ഉണ്ടായിരിക്കട്ടെ.

**സമൂ:** ആമ്മേൻ.

അസത്യത്തിൽനിന്നു സത്യത്തിലേക്കും
അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും
മൃത്യുവിൽനിന്നു് അമർത്ത്യതയിലേക്കും
ഞങ്ങളെ നയിക്കണമേ. [1]

* * **കാർമ്മി:** ഞാൻ വഴിയും സത്യവും ജീവനുമാകുന്നു; [2]
ലോകത്തിൻെറ പ്രകാശവുമാകുന്നു. [3]

**സമൂ:** ഞാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിയ
ജീവനുള്ള അപ്പമാകുന്നു;
ഇതു് ഭക്ഷിക്കുന്നവൻ മരിച്ചാലും ജീവിക്കും. [4]

* * **കാർമ്മി:** ലോകരക്ഷകനായ മിശിഹായേ,
അങ്ങയുടെ തിരുസന്ദേശം ഗ്രഹിക്കുവാൻ
ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ.

**സമൂ:** നല്ല നിലത്തു വീണ വിത്തുപോലെ
ദൈവവചനം നൂറുമേനി ഫലം നല്കുവാൻ
ഞങ്ങളുടെ ഹൃദയങ്ങളെ സജ്ജമാക്കണമേ. [5]

---

1) ഉപനിഷത്തു്. 2) യോഹ. 14/6. 3) യോഹ. 8/12.
4) യോഹ. 6/37. 5) ലൂക്കാ 8.

## വിശുദ്ധഗ്രന്ഥപാരായണം

**സമൂഹപ്രതിനിധി:** ഗുരോ ആശീർവ്വദിച്ചാലും

പതിവുപോലെ കാർമ്മി. ആശീർവ്വദിക്കുന്നു. സമൂഹപ്രതിനിധി ലേഖനം വായിക്കുന്നു. വായനയുടെ അവസാനത്തിൽ

**സമൂ:** രക്ഷകനായ മിശിഹായ്ക്കു സ്തുതി.

വേദപുസ്തകമെടുത്തശേഷം

**കാർമ്മി:** അരൂപാ മഹാത്മാ ചിദാനന്ദരൂപാ

**സമൂ:** അവിദ്യാവിരുദ്ധം വിവേകം തരുനീ
തമസ്സിൻ കൃതാന്താ തരൂ നീ പ്രകാശം
അജാതാ നിതാന്താ സ്വചൈതന്യമേകൂ.

or

**കാർമ്മി:** സുവിശേഷവെളിച്ചത്താൽ
ഇരുളെല്ലാം നീക്കിടുവാൻ
അവതാരം ചെയ്തവനെ
കൈകൂപ്പി വണങ്ങിടുവിൻ

**സമൂ:** കർത്താവേ, ധരണിയിൽനിൻ
സാക്ഷികളായ് ത്തീർന്നിടുവാൻ
ഞങ്ങളിൽനിൻ സുവിശേഷം
പൂങ്കിരണം ചൊരിയട്ടെ.

or

**കാർമ്മി:** ജീവനുമുയിരും നല്കും
തിരുവചനങ്ങൾ കേൾപ്പിൻ
സർവ്വാധിപനാം ദൈവത്തിൻ
തിരുമൊഴി കേൾപ്പിൻ.

**കാർമ്മി:** നിങ്ങൾക്കു ✠ സമാധാനം.

വേദപുസ്തകംകൊണ്ട് ആശീർവ്വദിക്കുന്നു.

**സമൂ:** അങ്ങേയ്ക്കും സമാധാനം.

* **കാർമ്മി:** നിങ്ങൾ ശ്രദ്ധാപൂർവ്വംനിന്നു സുവിശേഷം ശ്രവിക്കുവിൻ.

**സമൂ:** നാഥാ, അരുളിച്ചെയ്യേണമേ; [6]
അങ്ങയുടെ അധരങ്ങളിൽനിന്നു പൊഴിയുന്ന
തിരുവചനങ്ങളിലാകുന്നു ഞങ്ങളുടെ ജീവൻ. [7]

**കാർമ്മി:** വിശുദ്ധ .... എഴുതിയ
നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം.

പതിവുപോലെ സുവിശേഷം വായിക്കുന്നു. വായനയ്ക്കുശേഷം വി. ഗ്രന്ഥം നെററിയിൽ തൊട്ടുവിച്ച് വന്ദിക്കുന്നു.

**സമൂ:** രക്ഷകനായ മിശിഹായ്ക്കു സ്തുതി.

or

കീർത്തനം

**സമൂ:** യേശുദേവാ സദാസ്തോത്രം
യേശുദേവാ സദാ സ്തുതി
യേശുദേവാ സദാസ്തോത്രം
സദാദേവനു കീർത്തനം.

(സുവിശേഷത്തെപ്പററി മൂന്നു മിനിററിൽ കവിയാത്ത ഒരു ലഘുപ്രഭാഷണം നടത്തുന്നതു നല്ലതാണ്.)

---

6) 2 രാജാ 3/9. 7) മത്തായി 4/4

## പ്രാർത്ഥനാമഞ്ജരി

* **കാർമ്മി:** "രണ്ടോ മൂന്നോ പേർ എൻെറ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ
അവരുടെമദ്ധ്യേ ഞാനും ഉണ്ടായിരിക്കും" [8].
ദിവ്യനാഥൻെറ ഈ വാക്കുകൾ അനുസ്മരിച്ച്
നമുക്കെല്ലാവർക്കും വിനയത്തോടും ഭക്തിയോടുംകൂടെ
"കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്നപേക്ഷിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

സമൂഹത്തിൻെറ പ്രതിനിധികളായി നാലഞ്ചുപേർ അവസരോചിതമായ പ്രാർത്ഥനകൾ ചൊല്ലുന്നു. കാർമ്മികൻ ഒരു പ്രാർത്ഥന ചൊല്ലി പ്രാർത്ഥനാമഞ്ജരി അവസാനിപ്പിക്കുന്നു. പ്രാർത്ഥനാമഞ്ജരിയുടെ ഒരു മാതൃക ചുവടെ ചേർക്കുന്നു:

**പ്രതിനിധി 1:** ലോകഗുരുവായ ക്രിസ്തുനാഥാ,
സുവിശേഷതത്വങ്ങൾക്കൊത്തവിധം ജീവിക്കുവാനും
അങ്ങയുടെ ദിവ്യമാതൃക അനുകരിക്കുവാനും
വരം തരണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**പ്രതി 2:** വചനത്താലും പ്രവൃത്തിയാലും
മററുള്ളവരെ വിശുദ്ധിയിലേക്കു നയിക്കുവാൻ
ഞങ്ങൾക്കു ശക്തി നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

---
8) മത്തായി 18/20

**പ്രതി 3**: സഭയോടൊത്തു ചിന്തിക്കുവാനും
അങ്ങേയ്ക്കു സജീവസാക്ഷ്യം വഹിക്കുവാനും
ഞങ്ങളെ സഹായിക്കണമെന്നു്
ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**പ്രതി 4:** വിജ്ഞാനവും വിശുദ്ധിയും നിറഞ്ഞ
വൈദികരേയും
സന്യാസിനീസന്യാസിമാരേയും
ത്യാഗശാലികളായ മിഷണറിമാരേയും
അത്മായപ്രേഷിതരേയും
പ്രദാനംചെയ്യണമെന്നു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,

മററു നിയോഗങ്ങളും ഇവിടെ ചേർക്കാം

**കാർമ്മി:** സകലനന്മസ്വരൂപനായ സ്വർഗ്ഗപിതാവേ,
ക്രിസ്തുവിൻെറ ഉത്തമപ്രേഷിതരാകുവാനും
''ലോകത്തിൻെറ പ്രകാശവും, ഭൂമിയുടെ
ഉപ്പുമായി'' ജീവിക്കുവാനും
ദൈവമക്കൾക്കു് യോഗ്യമാംവിധം വർത്തിക്കുവാനും
ദയാപൂർവ്വം ഞങ്ങളെ അനുഗ്രഹിക്കണമേ.
അങ്ങയുടെ തിരുക്കുമാരനും ഞങ്ങളുടെ രക്ഷകനുമായ
മിശിഹായുടെ കുരിശിലെ ബലിയിൽനിന്നു്
ജീവനും ശക്തിയും പ്രാപിച്ചുകൊണ്ടു്
അങ്ങയുടെ മഹത്വത്തിനും ആത്മാക്ക
ളുടെ രക്ഷയ്ക്കുംവേണ്ടി
അദ്ധ്വാനിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കുകയും
ചെയ്യണമേ.

**സമൂ:** ആമ്മേൻ.

# ബലിപീഠാരോഹണം

**കാർമ്മി:** ''വഴിപാട്ടുംകൊണ്ടു് നിങ്ങൾ
ബലിപീഠത്തിങ്കൽ വരുമ്പോൾ,
ആർക്കെങ്കിലും നിങ്ങളോട്ട്
വിരോധമുണ്ടെന്ന'' കാര്യമോർത്താൽ
നിങ്ങളുടെ വഴിപാട്ടുകൾ അവിടെവയ്ക്കുകയും
അയാളുടെ പക്കൽ ചെന്നു് രമ്യപ്പെട്ടുകയും
അതുകഴിഞ്ഞു് വഴിപാട്ടുകൾ
സമർപ്പിക്കുകയും ചെയ്യുക'' [9].
ഈ ആജ്ഞ അനുസരിച്ചു്
നമുക്കു പരസ്പരം ക്ഷമിക്കുകയും
മാപ്പപേക്ഷിക്കുകയും ചെയ്യാം.

**സമൂ:** ആമ്മേൻ.

കാർമ്മികൻ ബലിപീഠത്തിനു നേരെ തിരിയുന്നു. കാർമ്മികനും സമൂഹവും തല കുനിക്കുന്നു.

**കാർമ്മി:** പരിശുദ്ധിതന്നെയായ ദൈവമേ,

(സമൂഹവുംചേർന്നു്)

അങ്ങേ ഭവനത്തിൽ പ്രവേശിക്കുവാനോ
ബലിപീഠത്തെ സമീപിക്കുവാനോ
ബലഹീനരും പാപികളുമായ
ഞങ്ങൾക്കർഹതയില്ല.
പാപങ്ങളെപ്പററി പശ്ചാത്തപിച്ചു്
പിതൃഭവനത്തിലേക്കു പ്രത്യാഗമിക്കുന്ന
ധൂർത്തപുത്രരായ ഞങ്ങളെ കരുണാപൂർവ്വം
സ്വീകരിക്കണമേ;
നിർമ്മലതയുടെ വസ്ത്രമണിയിക്കുകയും
വിശുദ്ധവിരുന്നിൽ പങ്കെടുക്കുവാൻ
ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ.

---

9) മത്തായി 5/23

കാർമ്മികൻ മൂന്നു പ്രാവശ്യം അഗാധ വന്ദനം ചെയ്തശേഷം യജ്ഞവേദിയി ലേക്കു കയറുന്നു. ജനങ്ങൾക്കഭിമുഖമായി കൂപ്പുകൈ ബലിപീഠത്തിൽവച്ച് അതിൽ ശിരസ്സ് തൊട്ടുവിച്ച് പ്രാത്ഥനാനിരതനായി അല്പസമയം മാനസപൂജ നടത്തുന്നു. സമൂഹവും അഞ്ജലിബദ്ധരായി മാനസപൂജ നിവ്വഹിക്കുന്നു.

## ബലിവസ്തുക്കളുടെ സജ്ജീകരണം

സമൂഹം കാഴ്ചദ്രവ്യങ്ങൾ കൊണ്ടുവരുന്നപക്ഷം താഴെ ചേക്കുന്ന പാട്ടുപാടുന്നു. അവ സ്വീകരിച്ചശേഷം കാമ്മികൻ പ്രാർത്ഥനയൊന്നും ചൊല്ലാതെ കൈ കഴുകുന്നു.

### ഗാനം

കാഴ്ചയേകിടാം
അഖിലനായകാ
ലോകപാലകാ
പദം ചേർന്നിടാം: — കാഴ്ചയേകിടാം

ദിവ്യദീപ്തിയിൽ
ഒന്നു ചേരുവാൻ
ആത്മപുഷ്പം പൂജചെയ്തിടാം
ജീവദായകാ കാഴ്ചയേകിടാം
ജീവിതം ഞാൻ പൂജചെയ്തിടാം.

അഖിലനായകാ
ലോകപാലകാ
പദം ചേർന്നിടാം: — കാഴ്ചയേകിടാം

പീലാസ സജ്ജമാക്കുമ്പോൾ

(കാർമ്മികൻെറ ഇടത്തുവശത്തു്)

**കാർമ്മി:** അനേകം ധാന്യമണികളിൽനിന്നു്
ഈ അപ്പം ഉണ്ടായിരിക്കുന്നതുപോലെ
നാമെല്ലാവരും ക്രിസ്തുവിൽ
ഒരു ശരീരമായി ഭവിക്കട്ടെ. [10]

**സമൂ:** ആമ്മേൻ.

കാസ സജ്ജമാക്കുമ്പോൾ

(കാർമ്മികൻെറ വലത്തുവശത്തു്)

**കാർമ്മി:** അനേകം മുന്തിരിഫലങ്ങളിൽനിന്നു്
ഈ ദ്രാക്ഷാരസം ഉണ്ടായിരിക്കുന്നതുപോലെ
നാമെല്ലാവരും ക്രിസ്തുവിൽ
ഒന്നായി ഭവിക്കട്ടെ. [11]

**സമൂ:** ആമ്മേൻ.

## സമർപ്പണം

പതിവുപോലെ പീലാസയും കാസയും
എടുത്തുകൊണ്ടു്

**കാർമ്മി:** നമ്മുടെ ആത്മാർപ്പണത്തിൻെറ
അടയാളമായി ഈ കാഴ്ചദ്രവ്യങ്ങളെ
നമുക്കു പരമപിതാവിനു് സമർപ്പിക്കാം.

**സമൂ:** ആമ്മേൻ.

---

10) 1 കൊറി. 10/17
11) വി. ആഗുസ്തീനോസിൻെറ വാക്കുകൾ

കാസയും പീലാസയും കുരിശാകൃതി
യിൽ ഉയൎത്തിപ്പിടിച്ചുകൊണ്ടു്

**കാൎമ്മി:** നമ്മുടെ രക്ഷയ്ക്കുവേണ്ടി (സമൂഹവും ചേൎന്നു്)
തന്നെത്തന്നെ ബലിയൎപ്പിക്കയും
തൻെറ പീഡാനുഭവത്തിൻേറയും മരണത്തിന്റേയും
സംസ്കാരത്തിൻേറയും ഉത്ഥാനത്തിൻേറയും
ഓൎമ്മ ആചരിക്കുവാൻ
കല്പിക്കുകയും ചെയ്ത മിശിഹാവഴി
പിതാവായ ദൈവം
തൻെറ കൃപയാലും അനുഗ്രഹത്താലും
ഈ ബലി നമ്മുടെ കരങ്ങളിൽനിന്നു്
സ്വീകരിക്കുമാറാകട്ടെ

or

## ഗാനം

നിത്യപിതാവേ, കൈക്കൊള്ളണമേ
ഞങ്ങളണയ്ക്കും ദിവ്യബലി
തിൻതിരുസുതനാമീശോവഴിയായ്
കൈക്കൊള്ളണമീ ദിവ്യബലി

ഞങ്ങളെയൊന്നായ് നിൻതിരുമുമ്പിൽ
കാഴ്ചയണയ്ക്കുന്നാദരവായ്
ദിവ്യനിണത്താൽ മർത്ത്യഗണത്തിൻ
മലിനതയെല്ലാം കഴുകണമേ.

കാസ കബലാനകൊണ്ടു് മൂടുന്നു

## സമാധാനാശംസ

*കൈ കൂപ്പി വലതു കൈ ജനങ്ങളുടെ നേരെ ഉയർത്തി, അനുഗ്രഹരൂപത്തിൽ, ഒരു ഭാഗത്തുനിന്നു് മറുഭാഗത്തേക്കു് കൊണ്ടുപോകുന്നു.*

**കാർമ്മി:** മിശിഹായുടെ സമാധാനം
നിങ്ങളിലും നിങ്ങളുടെ കുടുംബങ്ങളിലും
(നിങ്ങളുടെ സമൂഹത്തിലും / സ്ഥാപനത്തിലും)
നിരന്തരം വസിക്കുമാറാകട്ടെ.

**സമൂ:** (തല കുനിച്ചുകൊണ്ടു്) ആമ്മേൻ.

**കാർമ്മി:** വത്സലസഹോദരങ്ങളേ,
നമുക്കു് പരസ്പരം സമാധാനം ആശംസിക്കാം.

*കാർമ്മികൻ സമൂഹത്തേയും, സമൂഹം കാർമ്മികനേയും അഭിവാദനം ചെയ്യുന്നു. സമൂഹാംഗങ്ങൾ 'നമസ്തേ' രൂപത്തിൽ പരസ്പരം അഭിവാദനങ്ങളർപ്പിക്കുന്നു.*

## പൂജാപ്രാർത്ഥന [12]

**കാർമ്മി:** പിതാവായ ദൈവമേ,
അങ്ങയുടെ സ്നേഹം പ്രകീർത്തിക്കുവാൻ
പരിശുദ്ധാത്മാവു്
ഞങ്ങളുടെ ബുദ്ധിക്കു പ്രകാശവും
അധരങ്ങൾക്കു് ശക്തിയും നൽകട്ടെ.

**സമൂ:** കർത്താവിൻെറ കാരുണ്യം വാഴ്ത്തിപ്പുകഴ്ത്തുവാൻ
ദിവ്യാത്മാവേ, ഞങ്ങളെ സഹായിക്കണമേ.

---

[12]) Bangalore-ലെ National Biblical, Catechetical and Liturgical Centre-ൽ ഉണ്ടാക്കിയ Indian Anaphora-യുടെ ഹ്രസ്വരൂപം

**കാമ്മി:** ലോകനാഥനായ സർവ്വേശ്വരാ,
അങ്ങ് സകലത്തിലും കുടികൊള്ളുന്നവനും
സകലതും പരിപാലിക്കുന്നവനുമാകുന്നു.
അനാദിയായ ദൈവമേ,
അങ്ങയുടെ ശക്തിയേറിയ കരങ്ങൾ
പ്രപഞ്ചത്തിനു രൂപം നല്കുകയും
അന്ധകാരത്തെ പ്രകാശമായി മാററുകയും ചെയ്തു.
അങ്ങേ സൃഷ്ടിയുടെ രഹസ്യങ്ങൾ
അഗാധവും അത്ഭുതകരവുമാകുന്നു.
മനുഷ്യനെ സ്വന്തം ഛായയിൽ സൃഷ്ടിക്കയും
ഭൂമി അവനെ ഭരമേല്പിക്കയും ചെയ്തു.
അങ്ങയുടെ ജീവനിലും അറിവിലും ആനന്ദത്തിലും
അവനെ പങ്കാളിയാക്കുവാൻ
തിരുമനസ്സായ അങ്ങേയ്ക്കു സ്തുതി.

എല്ലാവരും തലകുനിക്കുന്നു.

**സമൂ:** ജീവൻെറ ഉത്ഭവസ്ഥാനമേ,
അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു;
അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു;
അങ്ങയുടെ മഹത്വത്തെ പുകഴ്ത്തുകയും
അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുകയും ചെയ്യുന്നു.

or

## ഗാനം

**സമൂ:** ആരാധിക്കുന്നു ഞങ്ങൾ
നിന്നെ വാഴ്ത്തിപ്പുകഴ്ത്തുന്നു
ജീവൻെറ കേദാരമേ
നിൻെറ നാമം കീർത്തിക്കുന്നു.

or

ഓം ജഗദീശ്വര സദാപി ചിന്മയ
ജഗദീശ്വര വന്ദേ
ഓം പരിപൂജിത പരാപരാത്മാ
അനവരതം വന്ദേ (2)

എല്ലാവരും വന്ദിക്കുന്നു

* **കാർമ്മി:** മനുഷ്യരെല്ലാം രക്ഷനേടണമെന്നാഗ്രഹിക്കുന്ന
കാരുണ്യവാനായ പിതാവേ,
ആത്മാർത്ഥമായി അങ്ങയെ തേടുന്നവർക്കെല്ലാം
അങ്ങു സ്വയം വെളിപ്പെടുത്തുന്നുവല്ലോ.
സർവ്വശക്തനായ ദൈവമേ,
പ്രപഞ്ചത്തിൽ മറഞ്ഞിരിക്കുന്ന അങ്ങയുടെ സാന്നിദ്ധ്യം
സമാരാധ്യമാകുന്നു.
അങ്ങു സത്യാന്വേഷകരുടെ ഹൃദയങ്ങളെ
പ്രകാശിപ്പിക്കുന്ന ദീപമാകുന്നു.
ജ്ഞാനവും ഭക്തിയും, സ്നേഹവും ത്യാഗവുംവഴി
അങ്ങയെ സമീപിക്കുന്നവരിൽ
അവിടന്നു പ്രസാദിക്കുന്നു.
അങ്ങു് ഒരു ജനതയെ തിരഞ്ഞെടുക്കുകയും
അവരുമായി ഒരു സഖ്യത്തിലേർപ്പെടുകയുംചെയ്തു.
അവരുടെ അവിശ്വസ്തത വകവയ്ക്കാതെ
വാഗ്ദാനങ്ങളിൽ അങ്ങു വിശ്വസ്തത പാലിച്ചു;
മനുഷ്യവർഗ്ഗത്തിനു ശാന്തിയും മോക്ഷവും നല്കുന്ന
രക്ഷകൻെറ ആഗമദിനം കാത്തുജീവിക്കുവാൻ
അവരെ പഠിപ്പിക്കുകയുംചെയ്തു.

**സമൂ:** വാഗ്ദാനങ്ങളിൽ വിശ്വാസ്യനായ ദൈവമേ,
ഞങ്ങൾക്കു് രക്ഷകനെ നല്കിയതിനെക്കുറിച്ചു്
അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുകയും
അങ്ങയെ പുകഴ്ത്തുകയും ചെയ്യുന്നു.

or

## ഗാനം

സൂനുവിനെ നല്കിലോകം
രക്ഷിച്ച നിത്യമഹേശാ
പാടുന്നു നിൻ ദിവ്യകീർത്തനം
വാഴ്ത്തുന്നു നിൻദിവ്യനാമം.

or

അനന്ത സാത്വിക പൂർണ്ണിമയേ
അതുല്യ ചിന്മയ പൂർണ്ണിമയേ
അവർണ്ണ്യസുന്ദര പൂർണ്ണിമയേ
തൊഴുന്നു നൽവരമേകണമേ.

എല്ലാവരും തൊഴുന്നു

**എല്ലാവരും:** അദൃശ്യനായ ദൈവമേ,
കാലത്തിന്റെ പൂർണ്ണതയിൽ
ദൃശ്യനാകുവാൻ അങ്ങു തിരുമനസ്സായി.
അങ്ങയുടെ ഏകജാതൻ
ഞങ്ങളുടെ മനുഷ്യപ്രകൃതി സ്വീകരിച്ച്
കന്യകയായ മറിയത്തിൽനിന്നു പിറന്നു.
ഗുരുവരനും നാഥനുമായ മിശിഹാ
പാവങ്ങൾക്കും വിനീതഹൃദയർക്കും
നിത്യജീവന്റെ സന്ദേശം നല്കി;
നന്മചെയ്തുകൊണ്ടു് സഞ്ചരിച്ചു.
തന്റെ സമയം സമാഗതമായപ്പോൾ
ഞങ്ങളുടെ പാപങ്ങൾക്ക് പരിഹാരബലിയായി
സ്വമനസാ ജീവനർപ്പിച്ചു.
മരിച്ചവരുടെ ഗണത്തിൽനിന്നു്
ഉയിർത്തെഴുന്നേററ മിശിഹാ
ഞങ്ങൾക്ക് ജീവന്റെ നീരുറവയായി ഭവിക്കയും
ലോകത്തിനു് സന്തോഷവും
സമാധാനവും നല്കുവാൻ
പരിശുദ്ധാത്മാവിനെ അയച്ചുതരികയുംചെയ്തു.

ജനങ്ങൾ മുട്ടുകുത്തുന്നു.

## ആവാഹനം — എപ്പിക്ലേസീസ് I

പൂജാവസ്തുക്കളിന്മേൽ കൈകൾ കുരിശാകൃതിയിൽ പിടിക്കുന്നു.

**കാർമ്മി: പിതാവേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു.
ആ പാവനാത്മാവിനെ അയച്ച്
അപ്പവും വീഞ്ഞുമാകുന്ന ഈ യാഗവസ്തുക്കളെ
അങ്ങയുടെ ദിവ്യശക്തിയാൽ പവിത്രീകരിച്ച്
ധന്യമാക്കണമേ.
മനുഷ്യരക്ഷയുടെ മഹാരഹസ്യം [13]
ഞങ്ങളുടെ മദ്ധ്യത്തിൽ സന്നിഹിതമാകാൻ
ഇടയാക്കണമേ.

**സമൂ:** ആമ്മേൻ.

പുരോഹിതൻ മൗനമായി പ്രാർത്ഥിക്കുന്നു. തത്സമയം സമൂഹം പരിശുദ്ധാത്മാവിൻെറ ആവാഹനത്തിനായുള്ള കീർത്തനമാലപിക്കുന്നു.

**സമൂ:** ശ്രീഭക്തിഭാവ പ്രണിധാനദ ജ്ഞാനസാര
ശ്രീസ്നേഹരൂപ സുഭഗേശ്വര ശാന്തിദാത
ശ്രീമുക്തിദാത വരദായക പാവനാത്മൻ
അവതീര്യതാം; മമവിഭോ, മമസുപ്രണാമം.

എല്ലാവരും പ്രണമിക്കുന്നു.

---

13) This formula is preferred to "that they may become the body and blood of our Lord Jesus Christ", for by the action of the Holy spirit the Paschal mystery is sacramentally re-presented in the church. This re-presentation implies a broader meaning than the substantial presence of Christ's body and blood.

## കൂദാശാകർമ്മം

****കാർമ്മി:** പീഡാസഹനത്തിൻെറ തലേരാത്രിയിൽ
ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി
സ്നേഹത്തിൻേറയും സേവനത്തിൻേറയും മാതൃക
നല്കിയശേഷം
ഈശോ നിർമ്മലമായ തൻെറ തൃക്കരങ്ങളിൽ
അപ്പമെടുത്ത്

അപ്പത്തോടുകൂടി പീലാസാ രണ്ടു കൈകൾകൊണ്ട് എടുക്കുന്നു.

സ്വർഗ്ഗത്തിലേക്ക്
ആരാധ്യനായ തൻെറ പിതാവിൻെറ പക്കലേക്ക്
കണ്ണുകളുയർത്തി, വാഴ്ത്തി, വിഭജിച്ച്
ശിഷ്യന്മാർക്കു നല്കിക്കൊണ്ട് അരുളിച്ചെയ്തു:
ഇതു പാപമോചനത്തിനായി
നിങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെടുന്ന
എൻെറ ശരീരമാകുന്നു;
നിങ്ങളെല്ലാവരും ഇതിൽനിന്നു ഭക്ഷിക്കുവിൻ.

**സമൂ:** ആമ്മേൻ.

പീലാസ താഴെ വച്ചശേഷം കാർമ്മി. കാസ എടുക്കുന്നു.

****കാർമ്മി:** അനന്തരം കാസയുമെടുത്ത്
കൃതജ്ഞതാസ്തോത്രംചെയ്ത്
അവർക്കു നല്കിക്കൊണ്ട് അരുളിച്ചെയ്തു:
ഇതു പാപമോചനത്തിനായി
സകലർക്കുംവേണ്ടി ചിന്തപ്പെടുന്ന
പുതിയ ഉടമ്പടിയിലെ എൻെറ രക്തമാകുന്നു;
നിങ്ങളെല്ലാവരും ഇതിൽനിന്നു പാനംചെയ്യുവിൻ.

**സമൂ:** ആമ്മേൻ.

കാർമ്മികൻ ഇടതു കൈയിൽ പീലാസയും വലതു കൈയിൽ കാസയും പിടിച്ചുയർത്തിക്കൊണ്ട് തുടരുന്നു.

ഞാൻ ഈ ചെയ്തതു്
നിങ്ങൾ എൻെറ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ
എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ.

## ത്രിവിധാരതി

കാസയും പീലാസയും ഉയർത്തുമ്പോൾ സമൂഹപ്രതിനിധികൾ പുഷ്പങ്ങളും ദീപവും ധൂപവും വെച്ച തളികകൾ കൊണ്ട് ബലിപീഠത്തിനു താഴെ വശങ്ങളിൽ നിന്നു ത്രിവിധാരതി നടത്തുന്നു.

**സമൂ:** ആമ്മേൻ

കാർമ്മികൻ കാസയും പീലാസയും ഉയർത്തുമ്പോൾ സഹായി മണിയടിക്കുന്നു. അല്പനേരം അവ ഉയർത്തിപ്പിടിച്ചശേഷം താഴെവച്ച് കാർമ്മികൻ അഗാധവന്ദനം ചെയ്യുന്നു.

## അനുസ്മരണം — Anamnesis

**കാർമ്മി:** കാരുണ്യവാനായ പിതാവേ,
അങ്ങയുടെ പ്രിയപുത്രൻെറ തിരുമരണവും
മഹനീയമായ പുനരുത്ഥാനവും
വിജയശ്രീലാളിതമായ സ്വർഗ്ഗാരോഹണവും

സഭയ്ക്കു ജന്മം നല്കിയ പരിശുദ്ധാത്മാവിന്റെ
ആഗമനവും
കൃതജ്ഞതയോടെ ഞങ്ങളിപ്പോൾ അനുസ്മരിക്കുകയും
രക്ഷകന്റെ മഹിമപ്രതാപത്തോടുകൂടിയ
പ്രത്യാഗമനം പ്രതീക്ഷിക്കുകയും ചെയ്യുന്നു.
ഈശോനാഥൻ വീണ്ടും വരുമ്പോൾ
രക്ഷാകർമ്മത്തിന്റെ ഫലങ്ങൾ ശേഖരിക്കുകയും
തന്റെ പൂർണ്ണതയോടു ചേർത്ത്
അങ്ങേ തൃപ്പാദങ്ങളിൽ സമർപ്പിക്കയും ചെയ്യും.
രക്ഷാകരരഹസ്യത്തിൽ മിശിഹായോടു
യോജിച്ചുകൊണ്ട്
ഏകവും പരിശുദ്ധവുമായ ഈ ബലി
ഞങ്ങൾ അങ്ങേക്കു കാഴ്ചവയ്ക്കുന്നു.

**സമൂ:** കർത്താവായ ഈശോ, അവിടുത്തെ
മരണവും ഉത്ഥാനവും
അനുസ്മരിക്കുകയും പ്രത്യാഗമനം
പ്രതീക്ഷിക്കയും ചെയ്യുന്ന ഞങ്ങളെ
അങ്ങയുടെ രാജ്യത്തിൽ ഒന്നിച്ചുചേർക്കണമെന്ന്
ഞങ്ങൾ യാചിക്കുന്നു.

or

## ഗാനം

**സമൂ:** മൃത്യുവും നിൻ പുനരുത്ഥാനവും
കർത്താവേ ഞങ്ങൾ കീർത്തിക്കുന്നു
പ്രത്യാഗമത്തിൻ നിമേഷം വരെ
നിത്യവും ഞങ്ങളതോർക്കുന്നു.

## ആവാഹനം — Epiclesis II

പൂജാവസ്തുക്കളുടെമേൽ കരങ്ങൾ നീട്ടി
പ്പിടിക്കുന്നു.

****കാർമ്മി:** സ്നേഹനിധിയായ പിതാവേ,
അങ്ങയുടെ പാവനാത്മാവിനെ
ഈ ബലിയിൽ ആവസിപ്പിച്ച്
അതിനെ അങ്ങേക്കു പ്രിയംകരമാക്കുകയും
ഞങ്ങളെ സന്തോഷവും സമാധാനവുംകൊണ്ട്
നിറയ്ക്കുകയും ചെയ്യണമേ.
ക്രിസ്തുവിൻെറ ശരീരരക്തങ്ങളിൽ പങ്കു പററുന്ന
ഞങ്ങളെല്ലാം
കർത്താവിൽ ഒന്നാകയും
മററുള്ളവർക്ക് സ്നേഹപൂർവ്വം സേവനംചെയ്ത്
ആ ഐക്യം പ്രകടമാക്കുവാൻ ഇടവരുത്തുകയും
ചെയ്യണമേ.

**സമൂ:** പരിശുദ്ധാത്മാവേ,
നിത്യപിതാവിൻെറ പരമപ്രകാശമേ,
അങ്ങയുടെ ദിവ്യസാന്നിദ്ധ്യത്താൽ
ഞങ്ങൾ ധന്യരാകട്ടെ.

## മദ്ധ്യസ്ഥപ്രാർത്ഥനകളും അനുസ്മരണങ്ങളും

***കാർമ്മി:** (a) കാരുണ്യവാനായ പിതാവേ,
or
**സമൂ. പ്രതി:** അങ്ങയുടെ ജനങ്ങളെ പരിശുദ്ധാത്മാവിൽ
ഒന്നിപ്പിക്കണമേ.
തിരുസ്സഭയുടെ അധിപനായ
മാർ പൗലോസ് പാപ്പായോടും
ഞങ്ങളുടെ പിതാവ്
മാർ......മെത്രാപ്പോലീത്തായോടും (മെത്രാനോടും)

സമസ്തസഭകളുടെയും അജപാലകവൃന്ദത്തോടൊത്ത്
ഐക്യത്തിലും സ്നേഹത്തിലും ജീവിക്കുവാൻ
ഞങ്ങളെ സഹായിക്കണമേ.
ഈ കുർബ്ബാനയിൽ സന്നിഹിതരല്ലാത്ത
ഞങ്ങളുടെ സഹോദരങ്ങളേയും ആശീർവ്വദിക്കണമേ.

**സമൂ:** ആമ്മേൻ.

***കാർമ്മി:** (b) സമൃദ്ധിയിലും ധർമ്മബോധത്തിലും
അടിയുറച്ച
or
**സമൂ. പ്രതി:** ഒരു ക്ഷേമരാഷ്ട്രം പടുത്തുയർത്തുന്നതിനുള്ള
ഞങ്ങളുടെ ഭരണകർത്താക്കളുടെ പരിശ്രമങ്ങളെ
അനുഗ്രഹിക്കണമേ.
അദ്ധ്വാനിക്കയും അവശതയനുഭവിക്കയും
ചെയ്യുന്നവരെ ആശ്വസിപ്പിക്കണമേ
നീതിയും സമാധാനവും എങ്ങും പുലരുവാനും
എല്ലാവരും അങ്ങയുടെ സുവിശേഷം
ശ്രവിക്കുവാനും ഇടയാക്കയും ചെയ്യണമേ.

**സമൂ:** ആമ്മേൻ.

***കാർമ്മി:** (c) ഞങ്ങളിൽനിന്നു വേർപെട്ടുപോയ
എല്ലാവരേയും
or
**സമൂ: പ്രതി:** അങ്ങയുടെ സൗഭാഗ്യത്തിൽ പങ്കുകാരാക്കയും
അങ്ങയുടെ രാജ്യത്തിലേക്ക് അവരെ
സ്വാഗതം ചെയ്കയും ചെയ്യണമേ
ദൈവജനനിയായ കന്യകാമറിയത്തിൻേറയും
സകല പുണ്യവാന്മാരുടേയും പുണ്യവതികളുടേയും

പ്രത്യേകിച്ച് ഞങ്ങളുടെ പിതാവും
ഇൻഡ്യയുടെ അപ്പസ്തോലനുമായ
തോമാശ്ലീഹായുടേയും
പ്രേഷിതവര്യനായ ഫ്രാൻസീസ് സേവ്യറിൻേറയും
ഇന്നു ഞങ്ങൾ അനുസ്മരിക്കുന്ന
വിശുദ്ധ (പേര്) ൻേറയും
യോഗ്യതകൾ പരിഗണിച്ച്
അങ്ങയുടെ സുതനും ഞങ്ങളുടെ കത്താവുമായ
ഈശോമിശിഹായുടെ
രക്ഷാകരകർമ്മത്തിൻെറ ഫലമനുഭവിക്കുവാൻ
ഞങ്ങളെ സഹായിക്കണമേ.

സമൂ: ആമ്മേൻ.

## ധൂപാരതി

താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലി ക്കൊണ്ടു കാർമ്മികൻ തിരുശരീരരക്ത ങ്ങളുടെ ചുററും മുകളിലായി മൂന്നുപ്രാവശ്യം ധൂപാരതി നടത്തുന്നു.

## സ്തുതികീർത്തനം — Doxology

**കാർമ്മി:** ലോകനാഥനും പിതാവുമായ ദൈവമേ,
സമസ്തവും തന്നിൽ ഒന്നിപ്പിക്കുന്ന ക്രിസ്തുവിലും
പരിശുദ്ധാത്മാവിൻെറ ഐക്യത്തിലും
സകല സൃഷ്ടികളോടും ചേർന്ന്
അങ്ങേക്കു ഞങ്ങൾ സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു
ഇപ്പോഴും എപ്പോഴും, ✠ എന്നേക്കും.

കാർമ്മികൻ തൻെറ മേൽത്തന്നെ കുരിശുവരയ്ക്കുന്നു.

**സമൂ:** പരമാത്മാവായ ദൈവമേ,
അങ്ങ് സത്തയുടെ സമ്പൂർണ്ണതയും
അദ്വിതീയനും
സച്ചിദാനന്ദനുമാകുന്നു.

## ബലിവസ്തുക്കളുടെ വിഭജനവും മുദ്രണവും

അഗാധാചാരം ചെയ്തശേഷം കാർമ്മി. തിരുവോസ്തി കരങ്ങളിലെടുത്തുകൊണ്ട് കാസയുടെ മുകളിൽ പിടിക്കുന്നു.

**കാർമ്മി:** സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ഈ അപ്പം
ലോകത്തിനു മുഴുവൻ ജീവൻ നല്കുന്നതാകുന്നു. [14]
ഇതു് ഭക്ഷിക്കുന്നവർ മരിക്കുകയില്ല;
അവർ നിത്യജീവൻ പ്രാപിക്കും.

തിരുവോസ്തി ഉയർത്തിയശേഷം മുറിക്കുന്നു.

**സമൂ:** അങ്ങയുടെ പരിസേവകരായ
ക്രോവേന്മാരുടെയും സ്രാപ്പേന്മാരുടെയും
മുഖ്യദൈവദൂതന്മാരുടെയും
ഗണങ്ങളോട്ട് ചേർന്നു് [15]
ഞങ്ങൾ അങ്ങയെ ആരാധിക്കുകയും
അങ്ങേക്കു് കൃതജ്ഞതാസ്തോത്രങ്ങളർപ്പിക്കുകയും
ചെയ്യുന്നു.

---

14) യോഹ. 6. 15) പുറപ്പാട്ട് 25/22, ഏശയാ 6/2, വെളിപാട്ട് 8.

or

## ഗാനം

**സമൂ:** സ്വർഗ്ഗത്തിൽനിന്നിറങ്ങിയ
ജീവനേകുമപ്പമിതാ
ഭോജ്യമായി കൈക്കൊള്ളുന്നോർ
എന്നുമെന്നും ജീവിക്കും.
മാലാഖമാർ വന്നു സാദരം
നില്ക്കുന്നു പീഠത്തിനന്തികേ
ദിവ്യശരീരം ഭാജിക്കും
വൈദികനെ സമീക്ഷിക്കുന്നു.

or

വാനിൽമേവും സുരഭോജനംനീ,
ഭുവനാഗത സുധനീ,
മർത്ത്യരക്ഷനീ, മാനവരാശിതൻ
അക്ഷയാത്മനിധിനീ,
ജീവശക്തിനീ, വിശ്വദീപ്തിനീ,
ലോകമഹാപ്രഭുനീ,
പൂജ്യപൂജ്യനാം, രാജരാജനാം
മഹാത്മസദ്ഗുരുനീ,
പാപമോക്ഷം നീ, പുണ്യതീർത്ഥം നീ,
ചിദാനന്ദവിഭുനീ,
ദീനബന്ധുനീ, സ്നേഹസിന്ധുനീ,
മാമകാത്മപ്രഭുനീ.

തിരുരക്തം മുദ്രണംചെയ്യുന്നു

**കാമ്മി:** നമ്മുടെ കത്താവീശോമിശിഹായുടെ തിരുരക്തം ✠ തിരുശരീരംകൊണ്ടും

തിരുശരീരം മുദ്രണംചെയ്യുന്നു

തിരുശരീരം ✠ തിരുരക്തംകൊണ്ടും മുദ്രിതമാകുന്നു.

രണ്ടുഭാഗങ്ങളും കൂട്ടിച്ചേർത്ത് കാസയുടെ മുകളിൽ പിടിച്ചുകൊണ്ട്

**കാമ്മി:** രക്ഷയുടെ മഹനീയ ''രഹസ്യങ്ങൾ''
പരിശുദ്ധ ത്രിത്വത്തിൻെറ നാമത്തിൽ
പൂത്തിയാക്കപ്പെട്ടിരിക്കുന്നു.

**സമൂ:** ആമ്മേൻ.
''മിശിഹാ മരിച്ചതിനുശേഷം
പിതാവിൻെറ മഹത്വത്തോടെ ഉയിർത്തെഴുന്നേററു;
അതുപോലെ നാം പാപത്തിനു മൃതരായി
ഒരു പുതിയ ജീവിതം സമാരംഭിക്കണം.[16]

കാമ്മികൻ ആചാരം ചെയ്യുന്നു എല്ലാവരും എഴുന്നേല്ക്കുന്നു.

## കർത്തൃപ്രാർത്ഥന

**കാർമ്മി:** ''ചോദിപ്പിൻ, നിങ്ങൾക്കു ലഭിക്കും
അന്വേഷിപ്പിൻ, നിങ്ങൾ കണ്ടെത്തും
മുട്ടുവിൻ, നിങ്ങൾക്കു വാതിൽ തുറന്നുതരും''[17]
എന്നരുളിച്ചെയ്ത മിശിഹായേ,
അങ്ങേ വാഗ്ദാനത്തിലാശ്രയിച്ചുകൊണ്ട്
അങ്ങ് ശിഷ്യന്മാരെ പഠിപ്പിച്ച പ്രാത്ഥന
ഞങ്ങളെല്ലാവരുംകൂടെ ഇപ്പോൾ ആവത്തിക്കുന്നു.

---

16) റോമാ 6/4. 17) മത്താ. 7/ 7-8

**എല്ലാവരും:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, [18]
അങ്ങയുടെ നാമം പൂജിതമാകണമേ,
അങ്ങയുടെ രാജ്യം വരണമേ,
അങ്ങയുടെ തിരുമനസ്സ്
സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.
അന്നന്നുവേണ്ട ആഹാരം
ഇന്നും ഞങ്ങൾക്കു നല്കണമേ,
ഞങ്ങളോടു തെറ്റുചെയ്യുന്നവരോട്
ഞങ്ങൾ ക്ഷമിക്കുന്നതുപോലെ
ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ;
തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ;
എന്തുകൊണ്ടെന്നാൽ
രാജ്യവും ശക്തിയും മഹത്വവും
എന്നേക്കും അങ്ങയുടേതാകുന്നു, ആമ്മേൻ.

## ദിവ്യകാരുണ്യസ്വീകരണം

ആചാരം ചെയ്തശേഷം

***കാർമ്മി:** സഹോദരങ്ങളേ, മിശിഹായുടെ
പരിശുദ്ധശരീരവും തിരുരക്തവും സ്വീകരിക്കുവാൻ
നമ്മുടെ ഹൃദയങ്ങളെ സജ്ജമാക്കാം.

സമൂഹം രണ്ടുഗണമായി ചൊല്ലുന്നു.

**ഗണം 1:** നിത്യജീവനിൽ പ്രവേശിക്കുവാൻവേണ്ടി
ഒരേ അപ്പത്തിൽനിന്നു ഭക്ഷിച്ചും
ഒരേ കാസയിൽനിന്നു പാനംചെയ്തും
മിശിഹായിൽ നമുക്ക് ഐക്യപ്പെടാം.

---

18) മത്താ. 6/50

**ഗണം** 2: ദൈവം സ്നേഹമാകുന്നു;
സ്നേഹത്തിൽ ജീവിക്കുന്നവൻ ദൈവത്തിലും
ദൈവം അവനിലും വസിക്കുന്നു.

**ഗണം** 1: ദൈവത്തെ സ്നേഹിക്കുന്നവൻ
തൻെറ സഹോദരനേയും സ്നേഹിക്കണം:
ഈ കല്പനയാകുന്നു നമുക്കു് ലഭിച്ചിട്ടുള്ളതു്. [19]

**ഗണം** 2: സ്നേഹത്തിൻെറ ഈ കൂദാശ
നമ്മുടെ ജീവിതനവീകരണത്തിനും
ആത്മാക്കളുടെ രക്ഷയ്ക്കും
ശരീരങ്ങളുടെ മഹത്വപൂർണ്ണമായ
ഉത്ഥാനത്തിനും നിദാനമാകട്ടെ.

ഇരു കരങ്ങളും നീട്ടി കുമ്പിട്ടുകൊണ്ടു്

**കാർമ്മി:** ഇതാ, വിശുദ്ധ വിരുന്നു
സജ്ജമായിക്കഴിഞ്ഞു;
വിശ്വാസചൈതന്യത്തോടും
നിർമ്മലഹൃദയത്തോടുംകൂടെ
നിങ്ങൾ ഈ ദിവ്യഭോജനത്തിനായി വരുവിൻ.

**സമൂ:** നീർച്ചാലുകൾ തേടിനടക്കുന്ന മാൻപേടയെപ്പോലെ
നാഥാ, ഞങ്ങളങ്ങയെ തേടിവരുന്നു. [20]

അഗാധവന്ദനം ചെയ്തശേഷം കാർമ്മി
കൻ തിരുശരീരം ഉൾകൊള്ളുന്നു

---

19) 1 യോഹ. 4; 20) സങ്കീ. 41/3

* * **കാർമ്മി:** വിശുദ്ധിയുടെ ഉറവിടമായ മിശിഹായേ,
അങ്ങയുടെ ദിവ്യശരീരത്താൽ
ഞങ്ങളുടെ ശരീരങ്ങളെ പവിത്രീകരിക്കണമേ.

അഗാധവന്ദനം ചെയ്തശേഷം കാർമ്മികൻ തിരുരക്തം ഉൾക്കൊള്ളുന്നു. സമൂഹബലിയിലും ഇതുസാദൃശ്യങ്ങളിൽ ദിവ്യകാരുണ്യം നല്കുമ്പോഴും രണ്ടും തുടർച്ചയായി ചൊല്ലുന്നു.

* * **കാർമ്മി:** ഞങ്ങൾക്കുവേണ്ടി രക്തം ചിന്തിയ നാഥാ,
അങ്ങയുടെ അമൂല്യരക്തത്താൽ
ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കണമേ.

ദിവ്യകാരുണ്യം നല്കുന്നതിനുമുമ്പ് തിരുവോസ്തി ഉയർത്തിക്കാണിച്ചുകൊണ്ട്

**കാർമ്മി:** നമുക്കെല്ലാവർക്കും വേണ്ടി
രക്തം ചിന്തി മരിച്ച ദിവ്യകുഞ്ഞാട്
നമ്മെ നിത്യജീവനിലേക്ക് നയിക്കട്ടെ. [21]

**സമൂ:** ആമ്മേൻ.

ഓരോരുത്തർക്കും വി. കുർബാന നൽകുമ്പോൾ

**കാർമ്മി:** മിശിഹായുടെ ശരീരവും രക്തവും.

ദിവ്യകാരുണ്യം നൽകുമ്പോൾ സമൂഹം സന്ദർഭോചിതമായ പാട്ടുപാടുന്നു.

ദിവ്യകാരുണ്യസ്വീകരണം കഴിഞ്ഞ് എല്ലാവരും മുട്ടുകുത്തി അല്പസമയം ഉപകാരസ്മരണ ചൊല്ലുന്നു.

21) യോഹ. 1/29

## ഗാനം

കൃപാകരാ ദയാകരാ
വരപ്രസാദമേകണേ,
പ്രസാദമേകണേ

യേശുനാഥാ നിൻ
പദം നമിക്കുമീ
ഭക്തദാസരിൽ—പ്രസാദമേകണേ
സ്നേഹനാഥാ നിൻ—ദയാകടാക്ഷം
നല്കി ഞങ്ങളിൽ—പ്രസാദമേകണേ.
— കൃപാകരാ....

എല്ലാവരും എഴുന്നേല്ക്കുന്നു.

## യാചനകൾ

* * **കാർമ്മി:** മനുഷ്യവർഗ്ഗത്തിൻെറ പ്രതീക്ഷയായ മിശിഹായേ,
അങ്ങയുടെ ശരീരം ഉൾക്കൊണ്ട ഞങ്ങളിൽ
അങ്ങയുടെ പ്രസാദവരം ഫലസമൃദ്ധമാകട്ടെ.

**സമൂ:** അങ്ങയുടെ രക്തം പാനംചെയ്ത ഞങ്ങളിൽ
അങ്ങയുടെ ചൈതന്യം നിത്യം കുടികൊള്ളട്ടെ.

സമൂഹം രണ്ടു ഗണമായി തുടരുന്നു. കാർമ്മികൻ പൂജാപാത്രങ്ങൾ കഴുകി തുടങ്ങുന്നു.

**ഗണം 1:** ബലിപീഠത്തിൽ ശുശ്രൂഷ നടത്തിയ ഞങ്ങളുടെ കരങ്ങളെ
സൽപ്രവൃത്തികൾ ചെയ്യുവാൻ ശക്തമാക്കണമേ.

**ഗണം 2:** വിശുദ്ധ സ്ഥലത്തു് കീർത്തനം പാടിയ
ഞങ്ങളുടെ അധരങ്ങൾ
സ്വർഗ്ഗത്തിൽ അങ്ങയെ സ്തുതിക്കുവാൻ
ഇടയാക്കണമേ.

**ഗണം 1:** സുവിശേഷവചനങ്ങൾ ശ്രവിച്ച കാതുകൾ
വിധി ദിവസത്തിൽ അനുഗ്രഹത്തിൻെറ
സ്വരം ശ്രവിക്കട്ടെ.

**ഗണം 2:** ദിവ്യകാരുണ്യം ദർശിച്ച നയനങ്ങൾ
അങ്ങയുടെ മഹത്വപൂർണ്ണമായ പ്രത്യാഗമനം
ദർശിക്കട്ടെ.

**ഗണം 1:** അങ്ങേക്കു് കീർത്തനങ്ങൾ ആലപിച്ച നാവുകൾ
അങ്ങേ സുവിശേഷം പ്രസംഗിക്കുവാൻ
ശക്തങ്ങളാകട്ടെ.

**ഗണം 2:** ദേവാലയത്തിൽ സഞ്ചരിച്ച പാദങ്ങൾ
നന്മചെയ്തുകൊണ്ടു് സദാ ചരിക്കട്ടെ.

**ഗണം 1:** അങ്ങയെ സ്വീകരിച്ച ഞങ്ങളുടെ ഹൃദയങ്ങൾ
അങ്ങേക്കുവേണ്ടി മററുള്ളവരെ സ്നേഹിക്കട്ടെ.

**ഗണം 2:** അങ്ങയെ ആരാധിച്ച ഞങ്ങൾ
അങ്ങേക്കു് സാക്ഷ്യം വഹിക്കുന്നവരാകട്ടെ.

**ഗണം 1:** അങ്ങയുടെ അനന്തമായ പരിപാലന
ഞങ്ങളെ എന്നും എല്ലായിടത്തും പിന്തുടരട്ടെ.

**ഗണം 2:** ഞങ്ങൾ അർപ്പിച്ച ഈ ദിവ്യബലി
അങ്ങയുടെ സന്നിധിയിൽ സംപ്രീതി
കണ്ടെത്തുകയും ചെയ്യട്ടെ.

**എല്ലാവരും:** ആമ്മേൻ.

or

## ഗാനം

തിരുശരീരവും ദിവ്യരക്തവും
കൈക്കൊണ്ട ഞങ്ങളിൽ കനിഞ്ഞിടേണമേ
നാഥാ കനിഞ്ഞിടേണമേ

ദിവ്യകർമ്മം കണ്ട കണ്ണുകൾ
സ്വർഗ്ഗരാജ്യകാന്തിയിൽ മയങ്ങണം
ദിവ്യഗാനം കേട്ട കാതുകൾ
വാനിടത്തിലാനന്ദവാണി കേൾക്കണം.
തിരുശരീരവും....

കീർത്തനങ്ങൾ പൊഴിഞ്ഞ നാവുകൾ
നിത്യകാലമങ്ങയെപ്പുകഴ്ത്തണം
പുണ്യഭൂവിൽച്ചരിച്ച കാലുകൾ
സേവനം ചെയ്തു ചെയ്തു സഞ്ചരിക്കണം.
തിരുശരീരവും...

കാർമ്മികൻ ബലിപീഠം ചുംബിച്ചു കൈകൾ തൊട്ടുവിച്ച് വന്ദിച്ചശേഷം വേദഗ്രന്ഥപീഠത്തിലേക്കു ചെല്ലുന്നു.

## കൃതജ്ഞതാപ്രകാശനം

പ. ത്രിത്വത്തോട്

* **കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ,
അനുഗ്രഹദായകമായ ഈ ദിവ്യബലിയിൽ
പങ്കുകൊള്ളുവാൻ ഞങ്ങൾക്കു് ഭാഗ്യം ലഭിച്ചു.

ആരാധ്യവും മഹനീയവുമായ
അങ്ങയുടെ നാമത്തിനു്
കൃതജ്ഞതയുടെ ആദരാഞ്ജലികൾ ഞങ്ങളർപ്പിക്കുന്നു.

**സമൂ:** ആമ്മേൻ.

ത്രിതൈക ദൈവത്തിനു്
എപ്പോഴും സ്തുതിയും കൃതജ്ഞതയും
ആരാധനയും ഉണ്ടായിരിക്കട്ടെ.

മിശിഹാനാഥനു്

* **കാർമ്മി:** നിത്യപുരോഹിതനായ മിശിഹായേ,
മനുഷ്യവർഗ്ഗത്തെ പിതാവായ ദൈവവുമായി
രഞ്ജിപ്പിക്കുന്നതിനു്
അങ്ങു് ഗാഗുൽത്തായിലർപ്പിച്ച ദിവ്യബലിയിൽ
അയോഗ്യരായ ഞങ്ങളെയും പങ്കുകാരാക്കുവാൻ
കരുണാപൂർവ്വം അങ്ങു് തിരുമനസ്സായി.
വിചാരത്തിലും വചനത്തിലും പ്രവൃത്തികളിലും
നിരന്തരം അങ്ങയെ പ്രസാദിപ്പിക്കുവാൻ
ഞങ്ങൾക്കു് അനുഗ്രഹം നൽകണമേ.
ലോകത്തിൻെറ അവസാനത്തിൽ
വിധിക്കായി അങ്ങു് ആഗതനാകുമ്പോൾ
സായുജ്യം പ്രാപിച്ച സകല വിശുദ്ധരോടുംകൂടെ
അങ്ങയുടെ തിരുമുമ്പിൽ അണിനിരക്കുവാൻ
പാപികളായ ഞങ്ങൾക്കു വരം തരണമേ.

**സമൂ:** ആമ്മേൻ.
അവർണ്ണനീയമായ അങ്ങേ ദാനങ്ങളെല്ലാം
നന്ദിയോടെ എന്നും സ്മരിക്കുവാനും
നിരന്തരം അങ്ങേക്കു സാക്ഷ്യം വഹിക്കുവാനും
ഞങ്ങൾക്കിടയാകണമേ.

## ആശീർവ്വാദം

വലതുകരം ജനങ്ങളുടെമേൽ ഉയത്തി പ്പിടിച്ചുകൊണ്ടു് ചൊല്ലുന്നു. ജനങ്ങൾ തലകുനിക്കുന്നു.

**കാർമ്മി:** നമുക്കു രക്ഷ നൽകിയ മിശിഹായുടെ
പ്രസാദവും ആശീർവ്വാദവും
എന്നും നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ.
അവിടുത്തെ പീഡാനുഭവം നിങ്ങളെ
ധൈര്യപ്പെടുത്തുകയും
അവിടുത്തെ തിരുമരണം നിങ്ങൾക്കു
ജീവൻ പകരുകയും
അവിടുത്തെ ഉത്ഥാനം പ്രത്യാശ നൽകയും ചെയ്യട്ടെ.
അവിടുത്തെ പരിശുദ്ധാത്മാവു് നിങ്ങളെ നയിച്ചു്
നിത്യസമ്മാനത്തിനു അർഹരാക്കട്ടെ.

രണ്ടു കൈകളുമുയത്തി

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും
പിതാവായ ദൈവത്തിൻെറ സ്നേഹവും
പരിശുദ്ധാത്മാവിൻെറ സഹവാസവും
നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ [22]
ഇപ്പോഴും ✠ എപ്പോഴും ✠ എന്നേക്കും ✠

**സമൂ:** ആമ്മേൻ.

---

22) 2 Cor. 13/13

## അന്തിമാഭിവാദനം

**കാർമ്മി:** വാത്സല്യഭാജനങ്ങളേ,
ദൈവാരാധനയ്ക്കായിവന്ന നിങ്ങൾ
മനുഷ്യസേവനത്തിനായി പോകുവിൻ.
എൻെറ പ്രാർത്ഥനകൾ നിങ്ങളെ എന്നും
അനുഗമിക്കും;
എളിയവനായ എനിക്കുവേണ്ടിയും
നിങ്ങൾ പ്രാർത്ഥിക്കുവിൻ.

ബലിപീഠത്തിലേക്കു തിരിയുന്നു.

**എല്ലാവരും:** ഓം സ്വയം ഭുവേ നമഃ
ഓം നരദേവായ നമഃ
ഓം പവിത്രാത്മനേ നമഃ
ഓം ശാന്തി: ശാന്തി: ശാന്തിഃ

or

ഓം നമസ്തേ ദിവ്യതാതായ
നമസ്തേ ദിവ്യസൂനവേ
നമോ ദിവ്യാത്മരൂപായ
സ്തുതി: സർവ്വത്ര തേ സദാ.

കാർമ്മികനും ജനങ്ങളും പരസ്പരം അഭിവാദനംചെയ്തു് വിടവാങ്ങുന്നു. കാർമ്മികൻ ബലിപീഠത്തിനു് അഗാധവന്ദനം ചെയ്യുന്നു.

## അനുബന്ധം

### പ്രത്യേകാവസരങ്ങളിലേക്കുള്ള വേദപുസ്തകഭാഗങ്ങൾ

# ഈശോയുടെ തിരുഹൃദയം

ലേഖനം: എഫേ: 3/14-19

"സ്വർഗ്ഗത്തിലും ഭൂമിയിലും സകല പിതൃത്വത്തിനും നാമകാരണനായ പിതാവിൻെറ മുമ്പിൽ—നമ്മുടെ കർത്താവായ ഈശോമിശിഹായുടെ പിതാവിൻെറ മുമ്പിൽ — ഞാൻ മുട്ടുകുത്തി അപേക്ഷിക്കുന്നു: അവിടുന്നു തൻെറ മഹത്വാധിക്യത്തിനൊത്തവിധം തൻെറ ആത്മാവുവഴി നിങ്ങളുടെ ആന്തരികമനുഷ്യനെ ശക്തിയിൽ ബലപ്പെടുത്താനും, വിശ്വാസം വഴി നിങ്ങളുടെ ഹൃദയത്തിൽ വസിക്കാനും, നിങ്ങൾ സ്നേഹത്തിൽ വേരുറച്ചുനിന്നുകൊണ്ടു്, സകല വിശുദ്ധരോടുംകൂടെ മിശിഹായുടെ സ്നേഹത്തിൻെറ നീളവും വീതിയും ഉയരവും ഘനവും മനസ്സിലാക്കാനും എല്ലാ വിജ്ഞാനത്തേയും അതിലംഘിക്കുന്ന മിശിഹായുടെ സ്നേഹത്തെ ഗ്രഹിക്കാനും ദൈവത്തിൻെറ സമ്പൂർണ്ണതകൊണ്ടു നിങ്ങൾ നിറയാനും ഇടയാകട്ടെ.''

സുവിശേഷം: യോഹ. 19/31-35

''അന്നു സാബത്തിനു് ഒരുങ്ങുന്ന ദിവസമായിരുന്നു; ആ സാബത്താകട്ടെ അതിപ്രധാനവുമായിരുന്നു. അന്നു ശരീരം കുരിശിൽ കിടക്കുന്നതു വിഹിതമായിരുന്നില്ല. തന്നിമിത്തം, അവരുടെ കാലുകൾ ഒടിച്ചു് അവരെ അവിടെനിന്നു നീക്കുന്നതിനു് അവർ പീലാത്തോസിനോടു് അനുമതി ചോദിച്ചു. അനന്തരം പടയാളികൾ പോയി, ഈശോയോടുകൂടെ ക്രൂശിക്കപ്പെട്ട രണ്ടുപേരുടേയും കാലുകൾ ഒടിച്ചു. എന്നാൽ, അവർ ഈശോയുടെ അടുക്കൽ ചെന്നപ്പോൾ അവിടുന്നു

മരിച്ചുകഴിഞ്ഞെന്നു മനസ്സിലായതിനാൽ അവിട്ടത്തേ കാല്യകൾ ഒടിച്ചില്ല. എങ്കിലും പടയാളികളിലൊരുവൻ കുന്തം കൊണ്ടു് അവിട്ടത്തേ പാർശ്വം കുത്തിപ്പിളന്നു, തൽക്ഷണം അവിടെനിന്നു രക്തവും ജലവും പുറത്തേക്കു് ഒഴുകി. നിങ്ങളും അതു വിശ്വസിക്കുന്നതിനു് അതു കണ്ടവനാണു സാക്ഷ്യപ്പെടുത്തിയിരിക്കുന്നതു്; അയാളുടെ സാക്ഷ്യം സത്യവുമാണു്. താൻ സത്യമാണു പറയുന്നതെന്നു് അയാൾക്കു് ഉറപ്പുമുണ്ടു്.

## പ: കന്യകാമറിയം

ലേഖനം: ഗലാ. 4/4–7

സമയത്തിൻെറ പൂർണ്ണതയിൽ ദൈവം തൻെറ പുത്രനെ അയച്ചു. നിയമത്തിനു വിധേയരായവരെ വീണ്ടെടുക്കാനും നമുക്കു ദത്തുപുത്രാവകാശം നല്കാനുംവേണ്ടി അവിട്ടുന്നു സ്ത്രീയിൽനിന്നു നിയമത്തിനു വിധേയനായി ജനിച്ചു.

നിങ്ങൾ തൻെറ പുത്രരാകയാൽ, ''ആബാ, പിതാവേ,'' എന്നു വിളിക്കുന്ന സ്വപുത്രൻെറ ആത്മാവിനെ ദൈവം നിങ്ങളുടെ ഹൃദയങ്ങളിലേക്കു് അയച്ചു. ഇനി നിങ്ങൾ ദാസന്മാരല്ല, പുത്രന്മാരാണു്; പുത്രന്മാർ മാത്രമല്ല, ദൈവഹിതത്താൽ അവിട്ടത്തേ അവകാശികളുമത്രേ.

സുവിശേഷം: യോഹ. 19/25–27

ഈശോയുടെ കുരിശിൻെറ സമീപത്തു് അവിട്ടത്തേ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോഫാസിൻെറ ഭാര്യ മറിയവും മഗ്ദലേനാമറിയവും നിന്നിരുന്നു. അമ്മയും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും സമീപത്തു നില്ക്കുന്നതു കണ്ടപ്പോൾ ഈശോ അമ്മയോട്ടു് അരുൾച്ചെയ്തു: ''അമ്മേ. ഇതാ അങ്ങയുടെ മകൻ.'' അനന്തരം അവിട്ടന്നു് ആ ശിഷ്യനോട്ടു് അരുൾച്ചെയ്തു: ''ഇതാ, നിൻെറ അമ്മ.'' ആ സമയം മുതൽ അദ്ദേഹം അവളെ തൻെറ വീട്ടിൽ സ്വീകരിച്ചു.

## പരേതർ

ലേഖനം: റോമാ. 14/7-9

നമ്മിലാരും തനിക്കുവേണ്ടിത്തന്നെ ജീവിക്കുന്നില്ല: തനിക്കുവേണ്ടിത്തന്നെ മരിക്കുന്നുമില്ല. ജീവിക്കുന്നെങ്കിൽ നാം കർത്താവിനായി ജീവിക്കുന്നു. മരിക്കുന്നെങ്കിൽ കർത്താവിനായി മരിക്കുന്നു. ആകയാൽ, നാം ജീവിക്കയാണെങ്കിലും മരിക്കയാണെങ്കിലും കർത്താവിനുള്ളവർതന്നെ. മരിച്ചവർക്കും ജീവിക്കുന്നവർക്കും കർത്താവാകേണ്ടതിന്നല്ലേ മിശിഹാ മരിക്കയും ഉയിർക്കയും ചെയ്തതു്?

സുവിശേഷം: യോഹ. 5/24-29

സത്യംസത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു് എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവനുണ്ടായിരിക്കും. അവൻ ന്യായവിധിക്കു വിധേയനാകാതെ, മരണത്തിൽനിന്നു ജീവനിലേക്കു പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. സത്യംസത്യമായി ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കയും, അതു ശ്രവിക്കുന്നവർ ജീവിക്കയും ചെയ്യുന്ന സമയം ആഗതമാകുന്നു; അല്ല, വന്നുകഴിഞ്ഞു, പിതാവിനു തന്നിൽത്തന്നെ ജീവനുള്ളതുപോലെ, പുത്രനും തന്നിൽത്തന്നെ ജീവനുണ്ടാകുന്നതിനു ദൈവം തിരുമനസ്സായി. അയാൾ മനുഷ്യപുത്രനാകയാൽ ന്യായവിധി നടത്താനുള്ള അധികാരവും അയാൾക്കു പിതാവു നല്കി. ഇതുകേട്ടു് ആശ്ചര്യപ്പെടേണ്ടാ. കുഴിമാടങ്ങളിലുള്ളവരെല്ലാം ദൈവപുത്രന്റെ സ്വരം ശ്രവിച്ചു് അവയിൽനിന്നു പുറത്തുവരുന്ന സമയം സമാഗതമായിരിക്കുന്നു. നന്മചെയ്തിട്ടുള്ളവർ നവജീവിതത്തിനായും തിന്മപ്രവർത്തിച്ചവർ ന്യായവിധിക്കായും ഉയിർത്തെഴുന്നേല്ക്കും.

ഭാരതീയ പൂജ

Indic Digital Archive Foundation
gpura.org